# അടിസ്ഥാന വിവരം

1. വിദ്യാലയത്തിന്റെ പേര് : ഗ്രീൻലാന്റ് നാഷണൽ ഓപ്പൺ സ്കൂൾ, കടയ്ക്കൽ PO പിൻ - 691 536
2. ഫോൺ : 99 95 51 04 78
3. സ്കൂൾ കോഡ് : 40247
4. വിദ്യാഭ്യാസ ജില്ല : ചടയമംഗലം
5. റവന്യൂ ജില്ല : കൊല്ലം
6. BRC : നിലമേൽ
7. CRC : നിലമേൽ
8. വാർഡ് : തുമ്പോട്
9. ബ്ലോക്ക് പഞ്ചായത്ത് : ചടയമംഗലം
10. ജില്ലാ പഞ്ചായത്ത് : കൊല്ലം
11. നിയമസഭാ മണ്ഡലം : ചടയമംഗലം
12. ലോക്സഭാ മണ്ഡലം : കൊല്ലം
13. എം. പി : എൻ. കെ പ്രേമചന്ദ്രൻ
14. താലൂക്ക് : കൊട്ടാരക്കര
15. വില്ലേജ് : കടയ്ക്കൽ.
16. സർവ്വേനമ്പർ : ബ്ലോക്ക് : 048 തണ്ടപ്പേർ നം. 8921
    റീസർവ്വെ നം.
    1) 285/1A, 9 ആർ 65 സ്ക്വ. മീ.
    2) 285/5, 5 ആർ, 60 സ്ക്വ. മീ.
17. പോസ്റ്റ് ഓഫീസ് : കടയ്ക്കൽ.
18. പിൻ കോഡ് : 691 536

ഗ്രീൻലാന്റ് നാഷണൽ ഓപ്പൺ സ്കൂൾ കടയ്ക്കൽ

വിഷൻ 2025

അക്കാദമിക മാസ്റ്റർ പ്ലാൻ
2025-26

## പ്രവർത്തനം - 1

പ്രവർത്തനത്തിന്റെ പേര് : മഴത്തുള്ളികൾ
മേഖല : അക്കാദമികം
ഉപ മേഖല : ഭാഷാ ശേഷി വികാസം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| മലയാള ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നിലേക്ക് കൊണ്ടുവരിക. | പ്രീ-ടെസ്റ്റ്, ക്ലാസുകളിൽ പത്ര വായന, പുസ്തക വായന, അക്ഷരക്കളരി. | ഭാഷാ അധ്യാപിക. |

## പ്രവർത്തനം II

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ലാംഗ്വേജ് ഡെവലപ്മെന്റ് പ്രോഗ്രാം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| ഇംഗ്ലീഷ് കമ്മ്യൂണിക്കേറ്റീവ് സ്കിൽ വികസിപ്പിക്കുക. | • സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം<br>• സംഭാഷണ പരിശീലനം | ഇംഗ്ലീഷ് ടീച്ചർ. |

# ലക്ഷ്യങ്ങൾ

1. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല ആസൂത്രണത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

2. എൽ. കെ. ജി മുതൽ അഞ്ചാം ക്ലാസുവരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിയ്ക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനാകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടൽ.

3. അധ്യാപകരും അദ്ധ്യയനവും സർഗാത്മകവും രസകരവുമാകുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

# ഉപസംഹാരം

പൊതു വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ വിദ്യാലയങ്ങളെല്ലാം വലിയ ഉത്തരവാദിത്വങ്ങൾ ആണ് ഏറ്റെടുത്തിരിക്കുന്നത്. പൊതു വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയിട്ടുള്ള പാഠ്യപദ്ധതിയെ അടിസ്ഥാനമാക്കി ഓരോ കുട്ടിയുടെയും മികവും പരിമിതികളും തിരിച്ചറിഞ്ഞ് മുന്നോട്ടു കൊണ്ടു പോകേണ്ടിയിരിക്കുന്നു. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ലോകോത്തര നിലവാരമുള്ള പഠനാന്തരീക്ഷവും ബോധന തന്ത്രങ്ങളും ഒരുക്കണം. ഇവയെല്ലാം സാക്ഷാത്കരിക്കാനുള്ള തയ്യാറെടുപ്പിലൂടെയാണ് ഈ വികസന രേഖ തയ്യാറാക്കിയിട്ടുള്ളത്. നന്മകളാൽ സമൃദ്ധമായ നാട്ടിൻപുറത്തിന്റെ സമ്പത്തായ ഈ വിദ്യാലയത്തിന്റെ മഹത്തായ പൈതൃകവും യശസ്സും പൂർവ്വാധികം ഭംഗിയായി വീണ്ടെടുക്കാൻ നമ്മുടെ കുട്ടികൾക്ക് ഈ പഠനാനുഭവങ്ങൾ സമ്മാനിക്കാൻ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

പ്രസിഡന്റ്
കടയ്ക്കൽ ഗ്രാമപഞ്ചായത്ത്
മനോജ് കുമാർ.M

പ്രിൻസിപ്പാൾ
സരിത ഭാസ്കരൻ

പി.ടി.എ പ്രസിഡന്റ്
സജിത്ത്.എസ്

# ഉള്ളടക്കം


- അടിസ്ഥാന വിവരങ്ങൾ
- ആമുഖം
- പ്രസ്താവന
- ലക്ഷ്യങ്ങൾ
- വിദ്യാലയ ചരിത്രം
- വിദ്യാലയം - മികവിന്റെ കേന്ദ്രം
- നിലവിലെ അവസ്ഥാ വിശകലനം.

ഭൗതികം - നേട്ടങ്ങൾ

അക്കാദമികം - നേട്ടങ്ങൾ

അക്കാദമികം - പരിമിതികൾ

സാമൂഹികം - നേട്ടങ്ങൾ

സാമൂഹികം - പരിമിതികൾ

- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ.
- പദ്ധതി വിശദാംശങ്ങൾ
- ഉപസംഹാരം.

# വിദ്യാലയത്തിന്റെ ചരിത്രം

വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിന്നിരുന്ന കടയ്ക്കൽ, കടയ്ക്കൽ പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ, സാധാരണക്കാർക്കു കൂടി മികച്ച ഇംഗ്ലീഷ് വിദ്യാഭ്യാസം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ 03/06/1999 ൽ നാഷണൽ ഓപ്പൺ സ്കൂൾ എന്ന വിദ്യാഭ്യാസസ്ഥാപനം ആരംഭിച്ചു. നാഷണൽ ഓപ്പൺ സ്കൂൾ സ്ഥാപിക്കുന്നത് പരേതനായ എൻ.സി പിള്ള സാറാണ്. സാറിന്റെ ആഗ്രഹപ്രകാരം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും നല്ല നിലവാരത്തിലുള്ള ഇംഗ്ലീഷ് മീഡിയം പഠന സൗകര്യം ലഭ്യമാക്കണം എന്ന ലക്ഷ്യത്തോടെ ഡൊണേഷനോ, കെട്ടിട ഫണ്ടോ ഒന്നും കുട്ടികളിൽ നിന്നും ഈടാക്കാതെ അൺ എയ്ഡഡ് മേഖലയിലെ മറ്റ് അനാവശ്യ ഫീസുകളും ഒഴിവാക്കി പ്രവർത്തിക്കുന്ന ഒരു സ്കൂൾ ആണ് നമ്മുടേത്.

2015 മെയ് മാസം 14-ാം തീയതി സർക്കാർ അംഗീകാരം ലഭിച്ചതിനെ തുടർന്ന് 1 മുതൽ 5 വരെ ഉള്ള ക്ലാസുകളിൽ സംസ്ഥാന സിലബസ് കൂടി ഉൾപ്പെടുത്തിയുള്ള പഠന പ്രവർത്തനങ്ങൾ നൽകി വരുന്നു.

## വിദ്യാലയം വികസിന്റെ കേന്ദ്രം - കാഴ്ചപ്പാട്.

1) ഈ പ്രദേശത്തെ മുഴുവൻ കുട്ടികളെയും ഈ സ്കൂളിൽ തന്നെ ചേർക്കാൻ കഴിയുന്ന രീതിയിൽ സ്കൂളിന്റെ ഭൗതികവും, സാമൂഹ്യവും, അക്കാദമികവും ആയ വളർച്ച കൈവരിക്കൽ.

2) പാഠ്യ- പാഠ്യാനുബന്ധ - പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

3) അനുസരണ, അച്ചടക്കം, ശുചിത്വം, പരസ്പര- ബഹുമാനം, സ്നേഹം, അനുകമ്പ, ദേശഭക്തി തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

4) ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

5) പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തു സംരക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

19. പ്രധാനാധ്യാപിക : സരിത ഭാസ്കരൻ.

20. പ്രധാനാധ്യാപികയുടെ ഫോൺ നമ്പർ :

21. ഇ-മെയിൽ : nationalopenschool123@gmail.com

## പ്രവർത്തനം III

പ്രവർത്തനത്തിന്റെ പേര് : കലാമേള
മേഖല : അക്കാദമികം
ഉപമേഖല : കലാപഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| കുട്ടികളുടെ കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കൽ. | എല്ലാ വെള്ളിയാഴ്ചയും 45 മിനിട്ട് കുട്ടികൾക്കെല്ലാം ഒത്തു ചേരാനും കലാ പരിപാടികൾ അവതരിപ്പിക്കാനും അവസരം നൽകുന്നു. | കുട്ടികൾ. |

## പ്രവർത്തനം IV

പ്രവർത്തനത്തിന്റെ പേര് :
മേഖല : അക്കാദമികം
ഉപമേഖല : കായിക മേഖല.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| കുട്ടികളിലെ കായിക ശേഷി പരിപോഷിപ്പിക്കൽ. | • ഖോ-ഖോ പരിശീലനം<br>• ടെന്നിക്കോയിറ്റ് പരിശീലനം<br>• ഷട്ടിൽ ബാറ്റ്, ഫുട്ബോൾ പരിശീലനം. | കായികാധ്യാപിക |

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ....

| അക്കാദമികം | ഭൗതികം | സാമൂഹികം |
| --- | --- | --- |
| ഭാഷാ ശേഷി വികസനം<br>• English പഠന പരിപോഷണം<br>• ലൈബ്രറി ശാക്തീകരണം.<br>• സർഗ്ഗവേള ശക്തമാക്കൽ<br>• ഒറിഗാമി ശില്പശാല<br>• LSS പരിശീലനം<br>• അസ്സംബ്ലി ശക്തമാക്കൽ.<br>• പഠനയാത്രകൾ<br>• ദിനാചരണങ്ങൾ<br>• ശാസ്ത്രോത്സവം | • ആകർഷകമായ പൂന്തോട്ടം<br>• ഐ. ടി. ലാബ്<br>• സ്മാർട്ട് റൂം.<br>• ആകർഷകമായ ലൈബ്രറി സൗകര്യം.<br>• സയൻസ് ലാബ് | • പി.ടി. എ ശക്തിപ്പെടുത്തൽ.<br>• ബോധവത്കരണ ക്ലാസ്.<br>• മെഡിക്കൽ ക്യാമ്പ്<br>• സൗജന്യ മെഡിക്കൽ ചെക്കപ്പ്<br>• സൗജന്യ ആയുർവേദ ക്യാമ്പ്. |

ഗ്രീൻലാന്റ് നാഷണൽ ഓപ്പൺ സ്കൂൾ കടയ്ക്കൽ.

- ഉപജില്ല : ചടയമംഗലം

ഭരണസംവിധാനം

- ലോകസഭാ മണ്ഡലം : കൊല്ലം
- നിയമസഭാ മണ്ഡലം : ചടയമംഗലം
- താലൂക്ക് : കൊട്ടാരക്കര
- ബ്ലോക്ക് പഞ്ചായത്ത് : ചടയമംഗലം
- തദ്ദേശ സ്വയം ഭരണ സ്ഥാപനം : കടയ്ക്കൽ

സ്കൂൾ ഭരണ വിഭാഗം

- സ്കൂൾ ഭരണ വിഭാഗം : അൺ എയ്ഡഡ് (അംഗീകൃതം)
- സ്കൂൾ വിഭാഗം : പൊതുവിദ്യാലയം
- പഠന വിഭാഗം : എൽ.പി, യു.പി.
- സ്കൂൾ തലം : 1 മുതൽ 5 വരെ.
- മാധ്യമം : ഇംഗ്ലീഷ്.

സ്ഥിതി വിവരക്കണക്ക്

- ആകെ വിദ്യാർത്ഥികൾ : 116
- അധ്യാപകർ : 8
- പ്രധാന അധ്യാപിക : സരിത ഭാസ്കരൻ.

എല്ലാ അധ്യയന വർഷവും ജൂൺ മാസത്തിൽ തന്നെ ലിറ്ററി ക്ലബ്ബ്, സയൻസ് ക്ലബ്ബ്, നേച്ചർ-ക്ലബ്ബ്, സ്പോർട്സ് ക്ലബ്ബ് എന്നിങ്ങനെ വിവിധ ക്ലബ്ബുകൾ കുട്ടികളുടെ നേതൃത്വത്തിൽ രൂപീകരിക്കുകയും ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ പഠനയാത്ര ഉൾപ്പെടെ വിവിധ പരിപാടികൾ ചെയ്തു വരികയും ചെയ്യുന്നു.

ഗ്രീൻലാന്റ് നാഷണൽ ഓപ്പൺ സ്കൂൾ 27-ാം വർഷത്തിലേക്ക് കടക്കുകയാണ്. ആയിരത്തോളം കുട്ടികൾക്ക് അക്ഷരവെളിച്ചം പകരാൻ ഭാഗ്യം ലഭിച്ച ഈ സ്ഥാപനത്തിൽ നിന്നു കടന്നു പോയ മുഴുവൻ കുട്ടികളും സ്വന്തം രാജ്യത്തും ലോകമെമ്പാടും മാതൃകാപരമായി ജോലികൾ നേടി ജീവിതം തുടരുന്നു.

ശിശുവിദ്യാഭ്യാസത്തിന് ഗുണപരമായ സ്കൂൾ പശ്ചാത്തലം കുട്ടികളുടെ സ്വഭാവ സംസ്കരണത്തിന് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ടുള്ള പഠന രീതി, സംസ്ഥാനതല മത്സര പരീക്ഷകളിൽ ഉന്നത വിജയം, പരിസ്ഥിതി പഠനത്തിനും പ്രവർത്തനത്തിനും പ്രത്യേക താൽപര്യം എടുത്ത് കുട്ടികളുമൊത്ത് പതിനായിര-

ക്കണക്കിന് വൃക്ഷത്തൈകൾ ഈ മേഖലയിലുള്ള കൃഷിയിടങ്ങളിൽ നട്ടുപിടിപ്പിച്ചു.

വിദ്യാഭ്യാസ രംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുകയും ആത്മാർത്ഥ പ്രവർത്തനങ്ങളിലൂടെ നിരവധി പ്രതിഭകളെ സൃഷ്ടിക്കുകയും ചെയ്ത നാഷണൽ ഓപ്പൺ സ്കൂളിനെ പ്രശംസിച്ചുകൊണ്ട് സംഘചേതന എന്ന സ്വാശ്രയസംഘം സ്കൂളിന് നിരവധി പ്രശസ്തിപത്രം സമർപ്പിക്കുകയും ചെയ്തു.

കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കുന്നതിന വേണ്ടി കുങ്-ഫു കൂടാതെ നിരവധി കായിക ഇനങ്ങളിൽ പരിശീലനം കൊടുത്തു വരുന്നു. വരും വർഷങ്ങളിലും മികച്ച രീതിയിലുള്ള പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പരിശീലനങ്ങൾ നടന്നു വരുന്നു.

—

## പ്രസ്താവന

ഈ പ്രദേശത്തെ ജനങ്ങളുടെ സാമ്പത്തിക സാംസ്കാരിക മതവിശ്വാസനിലകൾ പരിഗണിച്ചു കൊണ്ടും സ്കൂളിൽ ഇപ്പോൾ പഠിക്കുന്നതും ഇനി വരാൻ സാധ്യതയുള്ളതുമായ കുട്ടികളുടെ ശാരീരിക മാനസിക പുരോഗതിയെ ലക്ഷ്യമാക്കിയും ഏതു തരത്തിലുള്ള വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കും ഉൾക്കൊള്ളാൻ പറ്റുന്ന രീതിയിലും PTA, MPTA, [illegible] എന്നിവയുടെ കൂട്ടായ തീരുമാനങ്ങൾ പരിഗണിച്ചും നിർദ്ദേശങ്ങൾ അംഗീകരിച്ചും അവരുടെ സാന്നിധ്യത്തിലും ആണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

സരിത ഭാസ്കരൻ.

പ്രിൻസിപ്പൽ

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യം സാർത്ഥകമാക്കുന്നതിനു വേണ്ടി കൂട്ടായ്മയോടെ പല പദ്ധതികളും നടപ്പിലാക്കി വരുന്ന സാഹചര്യത്തിലാണ് ഈ പദ്ധതി രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. കേരളത്തിലെ പൊതു വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടതും വളർന്നതും ജനകീയമായ കൂട്ടായ്മയോടും പങ്കാളിത്തത്തോടും കൂടിയാണ്. ഈ ഒത്തൊരുമയും പങ്കാളിത്തവും വർദ്ധിപ്പിക്കേണ്ട സാഹചര്യം ഇന്നു നിലനിൽക്കുന്നുണ്ട്. സമൂഹപങ്കാളിത്തത്തോടെ നമ്മുടെ വിദ്യാലയത്തിന്റെ അക്കാദമിക, ഭൗതിക, സാമൂഹ്യ മാറ്റങ്ങൾ ആണ് ലക്ഷ്യമാക്കുന്നത്. ഇതിൽ ഏറ്റവും പ്രാധാന്യമുള്ള അക്കാദമിക മികവ് കൈവരിക്കുന്നതിന് ഒരു മാസ്റ്റർ പ്ലാൻ അവശ്യമാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന ലക്ഷ്യത്തോടെ വരും വർഷങ്ങളിൽ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്ന വൈവിധ്യമാർന്ന പ്രവർത്തന പദ്ധതികൾ ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ മാസ്റ്റർ പ്ലാൻ. ഭൗതികമായ സൗകര്യങ്ങളോടെ ഈ പ്രവർത്തനങ്ങളെ പൂർണ്ണതയിൽ എത്തിച്ച് നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കാൻ നമുക്ക് കഴിയണം.

6. മികച്ച രീതിയിലുള്ള ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കൽ.

7. ഈ വിദ്യാലയത്തെ സംരക്ഷിക്കേണ്ടതിന്റെയും പുരോഗതിയിലേക്ക് നയിക്കേണ്ടതിന്റെയും ഉത്തരവാദിത്തം സമൂഹത്തെ ഏൽപിക്കൽ.